കുന്നത്തുനാട് മണ്ഡലത്തിൽ നെൽവയൽ-നീർത്തട സംരക്ഷണ നിയമപ്രകാരം നിരീക്ഷണ സമിതി

172 (3946) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ നെൽവയൽ-നീർത്തട സംരക്ഷണ നിയമപ്രകാരമുള്ള പഞ്ചായത്തുതല നിരീക്ഷണസമിതി പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഈ സമിതി പഞ്ചായത്തിൽ നെൽവയൽ നികത്തുന്നതിന് എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ട് ;

(ബി) നെൽവയൽ നികത്തുന്നതിനെതിരെ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കല്ലേലി പാട ശേഖരത്തിൽ കല്ലേലി-ചെമ്പറക്കി റോഡിന് സൈഡിലായി നിലം നികത്തുന്നത് കൃഷി ഓഫീസറുടേയോ സമിതിയുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) നെൽവയൽ-നീർത്തട സംരക്ഷണ നിയമപ്രകാരം സ്ഥലം ഉടമയുടെ പേരിൽ കേസ് എടുത്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കേസ് എടുക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ജി) പാടശേഖരത്തിലെ ജലനിർഗ്ഗമന മാർഗ്ഗം തടസ്സപ്പെടുത്തി നിർമ്മാണ പ്രവർത്തനത്തിന് ശ്രമിക്കുന്ന ഉടമയ്ക്കെതിരെ കേസ് എടുക്കുന്നതിനും നെൽവയൽ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്. ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) 7 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസിൽ കേസ്സെടുത്തിട്ടുണ്ട്.

(എഫ്) ബാധകമല്ല.

(ജി) കേസ് എടുത്തിട്ടുണ്ട്. മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly